മലയാള മനോരമ
09 March 2019

# ഇനി ലക്ഷദ്വീപിലും സിഎംഎഫ്ആർഐ പ്രവർത്തനമണ്ഡലം

കൊച്ചി • കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പ്രവർത്തനമണ്ഡലം ലക്ഷദ്വീപിലേക്ക് കൂടി വ്യാപിപ്പിക്കുന്നു. കവരത്തി ദ്വീപിലെ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) നടത്തിപ്പു ചുമതല ഇനി സിഎംഎഫ്ആർഐ വഹിക്കും. ദ്വീപ് നിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്ന തരത്തിൽ ലക്ഷദ്വീപിലെ കാർഷിക-അനുബന്ധ വിഭവങ്ങൾ വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സിഎംഎഫ്ആർഐ നേതൃത്വം നൽകും.

കാർഷിക ഉൽപാദനവും കർഷകരുടെ വരുമാനവും വർധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ചെറുകിട സംരംഭങ്ങളിലൂടെ മൂല്യവർധിത ഉൽപാദനം മെച്ചപ്പെടുത്തുക, വിപണന ശൃംഖല ശക്തിപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സിഎംഎഫ്ആർഐക്ക് കീഴിൽ കെവികെ പ്രവർത്തിക്കുക.

കെവികെയുടെ ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് ഉന്നതതല സംയുക്ത യോഗം ഇന്ന് കവരത്തിയിൽ നടക്കും.

ചെറുകിട സംരംഭകർക്ക് മത്സ്യാവശിഷ്ടങ്ങളിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാൻ ത്രിദിന പരിശീലനവും നാളെ തുടങ്ങും.